# കേരള സർക്കാർ

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

## എറണാകുളം ജില്ലാ പഞ്ചായത്ത് - പ്രൊജക്ട് നം. SO 722/17

എ.ഇ.(4)36/2017

കൃഷി അസി. എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം CSEZ പി.ഒ., എറണാകുളം
തീയതി 16/01/2017

## ടെണ്ടർ നോട്ടീസ്

കേരള ഗവർണർക്കുവേണ്ടി എറണാകുളം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നേര്യമംഗലം ജില്ലാ കൃഷി ഫാമിലേക്ക് പുല്ലുവെട്ടി യന്ത്രം, തെങ്ങുകയറ്റു യന്ത്രം, പവർ ടില്ലർ, മിസ്ചർ മെഷ്യൻ എന്നിവ വാങ്ങി നൽകുന്നതിന് നിശ്ചിത യോഗ്യതയുള്ള മെഷീനറി നിർമ്മാതാക്കളിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ മുദ്ര വച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു.

അനുവദനീയമായ തുക - 3,50,000/- രൂപ

| ക്രമ നം. | സാധന സാമഗ്രികളുടെ പേര് | എണ്ണം | ദർഘാസ് ഫോറം വില |
|---|---|---|---|
| 1 | ബ്രഷ് കട്ടർ (ട്രോളി ടൈപ്പ്) | 1 എണ്ണം | 300 +5% വിൽപന നികുതി |
| 2 | തെങ്ങുകയറ്റുയന്ത്രം (നിന്ന് കയറുന്നത്) | 2 എണ്ണം | 300 +5% വിൽപന നികുതി |
| 3 | പവർ ടില്ലറും അനുബന്ധ ഉപകരണങ്ങളും | 1 എണ്ണം | 500 +5% വിൽപന നികുതി |
| 4 | മിസ്ചർ മെഷ്യൻ (ബെഡ് ടൈപ്പ്) | 1 എണ്ണം | 500 +5% വിൽപന നികുതി |

നിരതദ്രവ്യം - രേഖപ്പെടുത്തുന്ന തുകയുടെ 1%

കവറിന്റെ പുറത്ത് എറണാകുളം ജില്ലാ പഞ്ചായത്ത് പദ്ധതി പ്രൊജക്ട് നം SO 722/17എന്ന് എഴുതിയിരിക്കണം. ദർഘാസുകൾ 10/02/2017 ഉച്ചയ്ക്ക് 2 മണി വരെ ഈ ആഫീസിൽ സ്വീകരിക്കുന്നതും 10/02/2017 തീയതി ഉച്ചയ്ക്ക് 3 മണിക്ക് ഹാജരുള്ള നിർമ്മാതാക്കൾ/അംഗീകൃത ഡീലർമാരുടെയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമായാൽ അടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

ദർഘാസ് പ്രമാണം സ്പെസിഫിക്കേഷൻ ഉൾപ്പെടെ എറണാകുളം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 08/02/2017

ഉച്ചയ്ക്ക് 3 മണി വരെ ഓഫീസ് സമയത്ത് ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സമർപ്പിക്കേണ്ടതും നിശ്ചിത തുക വിൽപന നികുതി അടക്കം ഈ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്.

ദർഘാസ് പ്രമാണത്തിന്റെ അധിക പകർപ്പിന് വിൽപന നികുതി അടക്കം പ്രത്യേക വില അടക്കേണ്ടതാണ്. ദർഘാസ് പത്രിക കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) എറണാകുളം എന്ന പേരിലടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. നിശ്ചിത തുകയുടെ നിരത ദ്രവ്യമില്ലാത്തതും താമസിച്ച് ലഭിക്കുന്നതുമായ ദർഘാസുകൾ നിരസിക്കുന്നതുമാണ്. ദർഘാസിനൊപ്പം നിശ്ചിത ഫാറത്തിൽ 200/- രൂപയുടെ മുദ്ര പത്രത്തിൽ പ്രിലിമിനറി എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്. ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ഈ ആഫീസിൽ നിന്നും വിതരണ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം 200/- രൂപയുടെ മുദ്രപത്രത്തിൽ ആവശ്യമായ എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്. സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ദർഘാസിനെ സംബന്ധിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്. യാതൊരു കാരണവും കൂടാതെ ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമാണ്.

Lsailaja

കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഈച്ചമുക്ക്, സെസ് പി.ഒ, എറണാകുളം - 37

L. SAILAJA
ASSISTANT EXECUTIVE ENGINEER (AGRI)
ERNAKULAM

പകർപ്പ്:
1) നോട്ടീസ്ബോർഡ് - കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം-ആലപ്പുഴ
2) നോട്ടീസ്ബോർഡ് - കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം-എറണാകുളം
3) കൃഷി ഡയറക്ട്രേറ്റ് തിരുവനന്തപുരം
4) ഐ.റ്റി. സെൽ, കൃഷി ഡയറക്ട്രേറ്റ്, തിരുവനന്തപുരം
5) ജില്ലാ പഞ്ചായത്ത്, എറണാകുളം
6) പ്രിൻസിപ്പൽ കൃഷി ആഫീസറുടെ കാര്യാലയം-എറണാകുളം
7) പത്രപരസ്യം
8) ഗസറ്റ് വിജ്ഞാപനം

OFFICE OF THE ASSISTANT EXECUTIVE ENGINEER (AGRI) ★ ERNAKULAM CSEZ P.O.-682037